# പ്ലാച്ചിമട കോള സമരം ജനപിന്തുണ തേടുന്നു

സ്വന്തം ലേഖകൻ

പാലക്കാട്:അധികാരികളുടെ എതിർപ്പ്, രാഷ്ട്രീയ പാർട്ടികളുടെ കൊലവിളികൾ, കമ്പനിയുടെ ധാർഷ്ട്യം, പോലീസിന്റെ അതിക്രമങ്ങൾ......... പാലക്കാട് ജില്ലയിലെ പ്ലാച്ചിമടയിലെ കൊക്കൊകോള വിരുദ്ധ സമരം രണ്ടുമാസം പിന്നിടുമ്പോൾ സമൂഹത്തിന്റെ മുഴുവൻ പിന്തുണയും ആവശ്യപ്പെടുകയാണ്.

നാട്ടിലെ ജലസ്രോതസുകളെല്ലാം കൈവശപ്പെടുത്തി തങ്ങളുടെ കടിവെള്ളം മുട്ടിക്കുന്ന ബഹുരാഷ്ട്ര കുത്തകക്കെതിരെയുള്ള അടിസ്ഥാന ജനവിഭാഗത്തിന്റെ ചെറുത്തുനിൽപ്പാണ് പ്ലാച്ചിമേടയിലേത്. 300 മുതൽ 600 അടി വരെ താഴ്ചയുള്ള 60 കുഴൽക്കിണറുകളിലൂടെ പ്രതിദിനം 15 ലക്ഷം ലിറ്റർ വെള്ളമാണ് കൊക്കൊകോള കമ്പനി ഊറ്റിയെടുക്കുന്നത്. ആരോഗ്യപരമായി ഏറെ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു സോഫ്റ്റ് ഡ്രിങ്കിനു വേണ്ടി തങ്ങളുടെ ശുദ്ധജലം പണയം വെക്കേണ്ടി വരുന്ന ദുഃസ്ഥിതിയാണ് പ്ലാച്ചിമട നിവാസികൾ നേരിടുന്നത്.

കേവലം ഒരു പ്രാദേശിക പ്രശ്നം എന്ന നിലയിൽ തരം താഴ്ത്തപ്പെട്ടിരുന്ന സമരം പൊതുസമൂഹത്തിന്റെ പ്രശ്നമായി മാറ്റിയെടുക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. പ്ലാച്ചിമടയിലെ ഹിന്ദുസ്ഥാൻ കൊക്കൊക്കോള ബീവറേജ് കമ്പനി അടച്ചു പൂട്ടുക എന്ന ആശയവുമായി ഒട്ടേറെ സംഘടകൾ പ്രത്യക്ഷമായും, അല്ലാതെയും സമരത്തിൽ അണിചേർന്നു കഴിഞ്ഞിട്ടുണ്ട്. ഇരുപതിലേറെ സംഘടകളുടെ പങ്കാത്തത്തോടെ ജില്ലാതല കോളവിരുദ്ധ സമരസഹായ സമിതി രൂപികരിച്ചിട്ടുണ്ട്. എൻ. എ. പി. എം, എസ്. യു. സി. ഐ, പോരാട്ടം, എസ്. ഐ. ഒ, ഇന്ത്യൻ യുക്തിവാദി സംഘം, കേരള യുക്തിവാദിസംഘം, എ. ഐ. എ. ഡി. എം. കെ, എസ്. സി. എസ്. ടി. എസ്. എം തുടങ്ങിയ സംഘടനകൾ ഇതിൽ ഉൾപ്പെടുന്ന ഇതിനു പുറമെ തലത്തിലെ 60- ഓളം സംഘടനകളും സമരത്തിന് അനുഭാവം പ്രകടിപ്പിച്ചിട്ടുണ്ട്.



☐ പ്ലാച്ചിമടയിലെ ഹിന്ദുസ്ഥാൻ കൊക്കകോള ബീവറേജസ് കമ്പനി

**പ്ലാച്ചിമടയിലെ ഹിന്ദുസ്ഥാൻ കൊക്കകോള ബീവറേജസ് കമ്പനി അടച്ചുപൂട്ടുക എന്ന ആവശ്യവുമായി സംസ്ഥാന തല സമരസമിതി രൂപീകരിക്കുന്നു. സമരം വ്യാപിപ്പിക്കുന്നത് ചർച്ച ചെയ്യാൻ ജൂൺ 30ന് തൃശൂർ പി. ജി. സെന്ററിൽ രാവിലെ 10 മണിക്ക് വിപുലമായ കൺവെൻഷൻ ചേരുന്നു. കൂടുതൽ വിവരങ്ങൾക്ക് : അറുമുഖൻ പത്തിച്ചിറ, ഹരിത, മുതലമട, പി. ഒ, പാലക്കാട്- 678507 ഫോൺ:0492- 375702,375774**

സമരത്തെ അടിച്ചമർത്താനുള്ള ശ്രമങ്ങളാണ് അധികൃതർ ഇപ്പോഴും തുടർന്നുവരുന്നത്. സമരത്തിന് അനുഭാവം പ്രകടിപ്പിച്ചു കൊണ്ട് ജൂൺ 9ന് പ്ലാച്ചിമടയിലെത്തിയ പരിസ്ഥിതി-സാമൂഹ്യ പ്രവർത്തകരെ പോലിസ് കയ്യേറ്റം ചെയ്യുകയും കസ്റ്റഡിയിലെടുക്കുകയും ചെയ്തു. അറസ്റ്റ് ചെയ്യപ്പെട്ട ആദിവാസി സ്ത്രീകളെ അപമാനിക്കാനും പീഡിപ്പിക്കാനും പോലീസ് മുതിർന്നത് വിവാദമാവുകയുണ്ടായി.

സമരത്തിൽ പങ്കെടുക്കുന്നവരെ തൊഴിൽ വാഗ്ദാനം ചെയ്ത് പിന്തിരിപ്പിക്കാനുള്ള വ്യാപക ശ്രമങ്ങളും നടന്നുവരുന്നുണ്ട്. ഒരു ദിവസം സമരപ്പന്തലിൽ ഇരുന്നാൽ കമ്പനിയിൽ ജോലി ഉറപ്പ് എന്ന സ്ഥിതിയാണുള്ളത് എന്ന് സമരസമിതി ചൂണ്ടിക്കാണിക്കുന്നു. രാഷ്ട്രീയകക്ഷി നേതാക്കൾ ഈ നീക്കത്തിൽ കമ്പനിയെ സഹായിക്കുന്നതായും അവർ ആരോപിക്കുന്നുണ്ട്.

സമരത്തിനെതിരായ നിലപാട് തുടരുന്ന രാഷ്ട്രീയ കക്ഷികൾ ഭീഷണിയിലൂടെ സമരത്തെ നേരിടാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. തൊഴിൽ പ്രശ്നം എടുത്തുകാട്ടി ജനങ്ങളെ സമരത്തിൽ നിന്നും അകറ്റുകയാണ് പ്രധാനകക്ഷികളെല്ലാം ചെയ്യുന്നത്. സമരത്തിനെതിരെ സർവ്വകക്ഷി പൊതുയോഗം വിളിച്ചുകൂട്ടാൻ പോലും അവർ തയ്യാറായി.